മാതൃഭൂമി • 2011 മെയ് 22 • ഞായറാഴ്ച

# ശ്രീകുറുംബ ട്രസ്റ്റിലൂടെ 20 യുവതികൾക്ക് മംഗല്യം

**വടക്കഞ്ചേരി:** പ്രൗഢമായ സദസ്സിനെ സാക്ഷിയാക്കി നടന്ന ലളിതമായ ചടങ്ങുകളുമായി ശ്രീകുറുംബ ട്രസ്റ്റിൻെറ ഒമ്പതാമത് സമൂഹവിവാഹം. ഇരുപത് യുവതികളാണ് ശനിയാഴ്ച പുതുജീവിതത്തിലേക്ക് വലതുകാൽവെച്ച് പ്രവേശിച്ചത്. വ്യവസായപ്രമുഖൻ പി.എൻ.സി. മേനോൻ ചെയർമാനായുള്ള ട്രസ്റ്റിൻെറ നേതൃത്വത്തിലായിരുന്നു സമൂഹ വിവാഹച്ചടങ്ങ്. കിഴക്കഞ്ചേരി, വടക്കഞ്ചേരി പഞ്ചായത്തുകാരാണ് വിവാഹിതരായ യുവതികൾ. മൂലങ്കോട് ശ്രീകുറുംബ കല്യാണമണ്ഡപത്തിൽ നടന്ന വിവാഹച്ചടങ്ങിൽ പി.എൻ.സി. മേനോൻെറ മകനും ശോഭ ഗ്രൂപ്പ് വൈസ്ചെയർമാനുമായ രവിമേനോൻ, പി.എൻ.സി. മേനോൻെറ സഹോദരി ബാലാമണി എന്നിവർ വധൂവരന്മാർക്ക് താലിമാലയും ആഭരണങ്ങളും സമ്മാനിച്ചു.



ശ്രീകുറുംബ ട്രസ്റ്റിൻെറ ഒമ്പതാമത് സമൂഹവിവാഹത്തിലൂടെ വിവാഹിതരായ വധൂവരന്മാർ

സുജിത-സ്വാമിനാഥൻ, ഷീന-അനന്തൻ, പ്രീത-കണ്ണൻ, ഭവ്യ-രമേഷ്, കോമളം-ദാമോദരൻ, ഷീബ-ദേവദാസൻ, ശകുന്തള-മുരുകൻ, സബിത-അജേഷ്, ഷീജ-പ്രമോദ്, ഗീത-ഹരിനാരായണൻ, മല്ലിക-ജയൻ, ദിവ്യ-വിനോദ്, അശ്വതി-ലക്ഷ്മണൻ, മഞ്ജു-ബാബു, രാധിക-കൃഷ്ണകുമാർ, സുനിത-ഗിരീഷ്, സ്നേഹ-രമേഷ്, പ്രീത-ലിജോ, ഷീബ-ബിനു, സുജിത-മണികണ്ഠൻ എന്നിവരാണ് വിവാഹിതരായത്. രാഷ്ട്രീയ-സാമൂഹിക-വ്യാവസായിക രംഗത്തെ പ്രമുഖരും വധൂവരന്മാരുടെ കുടുംബാംഗങ്ങളും പങ്കെടുത്ത ചടങ്ങ് ഉത്സവപ്രതീതിയാണുണ്ടാക്കിയത്. സമൂഹവിവാഹച്ചടങ്ങുകൾക്ക് തുടക്കംകുറിച്ച് കെ.ഇ. ഇസ്മയിൽ എം.പി. നിലവിളക്ക് തെളിയിച്ചു. പി.കെ. ബിജു എം.പി., എം. ചന്ദ്രൻ എം.എൽ.എ., പി.ടി. ഉഷ, ഭർത്താവ് ശ്രീനിവാസൻ, ബി.ജെ.പി. സംസ്ഥാനപ്രസിഡൻറ് വി. മുരളീധരൻ, മുൻമന്ത്രി വി.സി. കബീർ, മുൻ എം.എൽ.എ. സി.ടി. കൃഷ്ണൻ, പഞ്ചായത്ത് പ്രസിഡൻറുമാരായ കെ. ബാലൻ, കെ. കുമാരൻ, ട്രസ്റ്റംഗങ്ങളായ പി.എൻ.കെ. മണി, കേണൽ ബാലൻ, എ.ആർ. കുട്ടി, എം.പി. സേതുമാധവൻ തുടങ്ങിയവർ പങ്കെടുത്തു.

വധൂവരന്മാർക്ക് താലിമാല ഉൾപ്പെടെയുള്ള സ്വർണാഭരണങ്ങൾ, വിവാഹവസ്ത്രങ്ങൾ, കുടുംബത്തിന് അത്യാവശ്യമായ പാത്രങ്ങൾ എന്നിവ ട്രസ്റ്റ് സൗജന്യമായി നൽകി.

ട്രസ്റ്റിൻെറ ഇതുവരെ നടന്ന ഒമ്പത് സമൂഹവിവാഹത്തിലൂടെയായി കിഴക്കഞ്ചേരി-വടക്കഞ്ചേരി പഞ്ചായത്തുകളിലെ 311 യുവതികളാണ് സുമംഗലികളായിട്ടുള്ളത്. ചടങ്ങുകൾക്കുശേഷം സമൂഹസദ്യയും ഉണ്ടായിരുന്നു.



**മൂലങ്കോട്ടുനടന്ന ശ്രീകുറുംബ ട്രസ്റ്റിൻെറ സമൂഹവിവാഹച്ചടങ്ങിന് കെ.ഇ. ഇസ്മയിൽ എം.പി. നിലവിളക്ക് തെളിയിക്കുന്നു. പി.കെ. ബിജു എം.പി., എം. ചന്ദ്രൻ എം.എൽ.എ. എന്നിവർ സമീപം**